(ബി) കഴിഞ്ഞ 4 വർഷത്തോളമായി കമ്പനി തുറന്നു പ്രവർത്തിക്കാത്തതുമൂലം അവിടുത്തെ തൊഴിലാളികളും കുടുംബങ്ങളും കഷ്ടത അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ തൊഴിലാളികൾക്ക് ആശ്വാസകരമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) (സി) നിരന്തരമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി ഏറ്റെടുത്തു നടത്തുവാൻ സന്നദ്ധത പ്രകടിപ്പിച്ചു കൊണ്ട് കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു വ്യവസായ ഗ്രൂപ്പ് മുന്നോട്ട് വരികയും സർക്കാർ മുമ്പാകെ ഒരു പുനരുദ്ധാരണ പദ്ധതി സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പുനരുദ്ധാരണ പദ്ധതി പരിശോധിച്ചശേഷം ഗവൺമെന്റും പുതിയ പ്രമോട്ടറും കമ്പനി മാനേജ്മെന്റും തമ്മിൽ ഒരു കരാർ പത്രത്തിൽ (Memorandum of Agreement) ഒപ്പിടുകയും ചെയ്തു. കരാർ പത്രം പ്രകാരം പ്രമോട്ടർ കമ്പനിയുടെ ബാദ്ധ്യതകൾ ഒറ്റത്തവണ തീർപ്പാക്കൽ പ്രക്രിയയിലൂടെ (One Time Settlement) തീർപ്പാക്കേണ്ടതാണ്. ഇതിനുള്ള ചർച്ചകൾ പ്രമോട്ടറും ബാങ്കുകളും/ധനകാര്യസ്ഥാപനങ്ങളും തമ്മിൽ നടന്നുവരികയാണ്. ഇതു സംബന്ധിച്ച നിർദ്ദേശം പ്രമോട്ടർ സ്ഥാപനം 2004 ഒക്ടോബർ മാസത്തിലും 2005 മാർച്ച് മാസത്തിലും ധനകാര്യസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 13-4-2005-ൽ മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ ബാദ്ധ്യത തീർക്കുവാനുള്ള അന്തിമ നിർദ്ദേശം പ്രമോട്ടർമാർ നൽകേണ്ടതുണ്ട്. പ്രസ്തുത നിർദ്ദേശം വൈകാതെ ധനകാര്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത യോഗത്തിൽ കമ്പനി തുറന്നു പ്രവർത്തിക്കുവാൻ പരമാവധി സഹായങ്ങൾ നൽകാമെന്നും ഇതിനായി സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും ധനകാര്യസ്ഥാപനങ്ങളോട് സർക്കാർ അഭ്യർത്ഥിക്കുകയും ചെയ്തു. ചർച്ചകൾ ത്വരിതപ്പെടുത്തുവാനും കമ്പനി എത്രയും വേഗം തുറന്ന് പ്രവർത്തിപ്പിക്കുവാനും ആവശ്യമായ നടപടികൾ കൈക്കൊണ്ടുവരികയാണ്.

മലപ്പുറം ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായശാലകൾ

123 [480] *ശ്രീ. മഞ്ഞളാംകുഴി അലി :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് മലപ്പുറം ജില്ലയിൽ പൂട്ടിക്കിടക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ സ്ഥാപനത്തിലും എത്ര ജീവനക്കാർ വീതം ജോലി ചെയ്തിരുന്നു എന്ന് വ്യക്തമാക്കാമോ;

GPM. 2/573/2012—22

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ തുറന്നു പ്രവർത്തിപ്പിച്ച വ്യവസായ സ്ഥാപനങ്ങളേതെല്ലാം;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) വ്യവസായ വകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസിൽ 235 പേർ ജോലി ചെയ്തിരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) വ്യവസായ വകുപ്പിന്റെ കീഴിൽ മലപ്പുറത്തു പ്രവർത്തിച്ചുവരുന്ന വ്യവസായ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:

1. കെൽട്രോൺ ഇലക്ട്രോസെറാമിക് ലിമിറ്റഡ്, കുറ്റിപ്പുറം
2. ഇടരിക്കോട് ടെക്സ്റ്റൈൽ, ഇടരിക്കോട്
3. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ
4. മാൽക്കോ ടെക്സ്, കുറ്റിപ്പുറം.

പാലക്കാട് ജില്ലയിൽ ആരംഭിച്ച വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

124 [481] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എത്ര വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ തുടർന്ന് എത്ര തൊഴിലാളികൾക്ക് ജോലി ലഭിച്ചിട്ടുണ്ട്; സ്ഥിരം തൊഴിലാളികൾ/താൽക്കാലിക തൊഴിലാളികൾ എന്നിങ്ങനെ വേർതിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൻകിട-ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്; അവ ഏതെല്ലാമെന്നും ഇതേ തുടർന്ന് എത്ര തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly